# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ -3201 | 20.12.2012 ൽ മറുപടിക്ക്

## പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് നിയന്ത്രണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) പൊതുമരാമത്ത് റോഡുകളുടെ അരികിലും വളവിലും സ്ഥാപിച്ചിരിക്കുന്ന വൈദ്യുതാലങ്കൃത പരസ്യ ബോർഡുകൾ അപകടങ്ങൾക്ക് കാരണമാകുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br><br>(ബി) ഡ്രൈവർമാരുടെ ശ്രദ്ധപതിയുന്ന ഇത്തരത്തിലുള്ള ബോർഡുകൾ നിയന്ത്രിക്കുന്നതിന് വകുപ്പിൽ ഒരു പൊതു മാനദണ്ഡം ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) & (ബി) ഉണ്ട്. സംസ്ഥാന പാതയോരങ്ങളിൽ അനധികൃതമായി സ്ഥാപിക്കുന്ന പരസ്യബോർഡുകൾ കേരള ഹൈവെ സംരക്ഷണ ആക്ട്-1999 അനുസരിച്ച് കൈയ്യേറ്റങ്ങളുടെ നിർവ്വചനത്തിൽ വരുന്നതാണ്. പ്രസ്തുത ആക്ടും പൊതുമരാമത്ത് മാനുവലും പ്രകാരം വാർഷിക പരിശോധന, റോഡ് മെയിന്റനൻസ് തുടങ്ങിയവയുടെ ഭാഗമായി ഇവ നീക്കം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ